## നഷ്ടപ്പെടുന്നവന്റെ നോവ്

ഉൾക്കാട്ടിൽ നിന്നുകൊണ്ട് മുകളിലേക്ക് നോക്കുമ്പോൾ, കൂറ്റൻ മരച്ചില്ലകൾക്കിടയിലുള്ള പഴുതിലൂടെ അരിച്ചെത്തുന്ന പ്രകാശരശ്മികൾ ഒരു തലോടൽപോലെ മുഖത്തു പതിക്കുമായിരുന്നു. ദൂരെ, വാത്സല്യത്തോടെ, ആരോ തന്നെ വീക്ഷിക്കുന്നതായി തോന്നും, അപ്പോഴൊക്കെ. ആരോരുമില്ലാത്ത ആദിവാസിച്ചെക്കന് കീഴടക്കാനും, കണ്ടെത്താനും ഈ കാടിനപ്പുറത്ത് ഇനിയും ഉന്നതങ്ങളുണ്ടെന്ന തിരിച്ചറിവു നൽകാൻ ഇലപ്പരപ്പിനിടയിലൂടെ കാണുന്ന ആ ആകാശത്തുണ്ടുമാത്രം മതിയായിരുന്നു.

എന്തു മനോവിഷമമുണ്ടെങ്കിലും ഒരിത്തിരി ആശ്വാസത്തിനായി മുകളിലേയ്ക്ക് കണ്ണുയക്കും. ഒരിറ്റു വാത്സല്യത്തിനായി, മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപോലെ.... ഇടയ്ക്ക്, ചിന്തകളിലാണ്ട്, അങ്ങനെയിരിക്കുമ്പോൾ നിഴലുകൾ പടരും പതിയെ, മൺമറഞ്ഞുപോയ പ്രിയപ്പെട്ടവരുടെ നിശ്വാസങ്ങൾപോലെ, മഴത്തുള്ളികൾ മുഖം ചുംബിക്കും. അറിയാതെയപ്പോൾ, ഇടംകണ്ണിൽനിന്നൊരു നീർത്തുള്ളി യാത്രയാരംഭിക്കും. തന്റെയിരുണ്ട കവിളിലെ നോവ് തുടച്ചുമാറ്റിയങ്ങനെ ഒഴുകി കാടിന്റെ മണ്ണിൽ അലിഞ്ഞുചേരും.

കാണാൻ സാധിച്ചിരുന്ന ഒരുതുണ്ടാകാശത്തിൽ ആശതീരാതെ, എത്തിയെത്തി നോക്കുമായിരുന്നു. തനിക്ക് വിഹായസ്സ്, അതിന്റെ പൂർണ്ണതയിൽ കാണണമായിരുന്നു: അനുഭവിക്കണമായിരുന്നു. കാടരികിൽ നിന്നു കുറച്ചകലെയുള്ള സ്കൂളിൽ പോയി, വാശിയോടെ പഠിച്ച് എസ്.എസ്.എൽ.സിയും പ്ലസ്ടുവും നല്ല മാർക്കോടെ ജയിച്ചതും അതിനായിരുന്നു. എങ്ങനെയെങ്കിലും കാടിന്റെയാവൃത്തത്തിൽ നിന്നു പുറത്തുകടക്കാൻ. അത്യപേക്ഷ, സ്വത്വം മറന്ന്, കീഴാളനായി പണിയെടുത്ത്, പണമുണ്ടാക്കാനായിരുന്നില്ല. മറിച്ച്, അനാഥച്ചെക്കനായിട്ടും, തന്റെ വിജയങ്ങളിൽ തന്നേക്കാളേറെ സന്തോഷിച്ച തന്റെ സമൂഹത്തിന്റെ ശബ്ദമാവാൻ. കാടിന്റെ നന്മയുടേയും സ്വച്ഛതയുടേയും ശബ്ദമാവാൻ.

കാടിന്റെ ശുദ്ധമായ ഉത്പന്നങ്ങൾ വിറ്റുമാത്രം ജീവിക്കുന്ന പാവങ്ങളാണ് തന്റെ ജനങ്ങൾ: പുറത്തെ സൗകര്യങ്ങളെക്കുറിച്ചറിവുണ്ടായിട്ടും തങ്ങളുടെ സംസ്കാരത്തോട് ഒട്ടിച്ചേർന്നു ജീവിക്കുന്നവർ. പേരിനുമാത്രം ഊരിൽ പ്രവർത്തിക്കുന്ന ഒരു പള്ളിക്കൂടത്തിൽ ഒരിത്തിരി അറിവിനായി ദാഹിച്ച് എന്നുമെത്തുന്ന പത്തിരുപത് കുഞ്ഞുങ്ങൾക്കും മിക്കപ്പോഴും ഹാജരാകാത്ത അദ്ധ്യാപകനും. തനിക്ക് കൂടുതലൊന്നും വേണ്ടായിരുന്നു: പഠിച്ച്, ഒരദ്ധ്യാപകനായി തന്റെ ഊരിലെ ആ ചെറിയ പള്ളിക്കൂടത്തിൽ

ഒരു നിയമനം മാത്രം.

അത്രം സ്വപ്നം കണ്ടാണ് താൻ മറ്റൊരു ജില്ലയിലേക്ക് വണ്ടികയറിയത്. അവിടെയെത്തിയപ്പോഴാണ്, കാടിനെയും നാടിനെയും വേർതിരിക്കുന്ന ആ രേഖയുടെ പ്രാധാന്യം മനസ്സിലായത്. ഇത് മറ്റൊരു ലോകമായിരുന്നു. "താനെത്തിപ്പെടേണ്ടിയിരുന്നില്ല" എന്ന് അപരിചിതത്വം തോന്നിയ ഒരു ലോകം. ടാറിട്ട ഒരു റോഡും അതിനിരുവശത്തുമായി കെട്ടിപ്പൊക്കിയിരിക്കുന്ന കൂറ്റൻ കെട്ടിടങ്ങളും; ആദ്യമായി കാണുകയായിരുന്നു. ഗ്രാമീണനായ ഫലിയുടെ പട്ടണപ്രവേശം പോലെ, ആ വലിയ ലോകത്തിൽ താനൊരു ചെറിയ അണുമാത്രമാകുന്നതുപോലെ. തന്നെയവിടെ ആവശ്യമില്ലാത്തതുപോലെ.

നാഗരികജീവിതത്തിന്റെ ക്ലേശം കലശലാകാൻ തുടങ്ങിയിരുന്നു ആദ്യമൊക്കെ. വേരുകളിൽ ചവിട്ടി തഴമ്പിച്ച കാലുകൾക്ക് ചെരുപ്പിന്റെ പ്രതലം തീർത്തുമന്യമായിരുന്നു. റോഡുമുറിച്ചു കടക്കുമ്പോൾ ഉള്ളിൽ തീയെരിയും. മുളയരിയുടെ നനുത്ത ~~സ്വാദ്~~ സ്വാദറിഞ്ഞ രസമുകുളങ്ങൾ 'സിന്തറ്റിക്' അരി ചവയ്ക്കുമ്പോൾ നിർജ്ജീവമാകുന്നതുപോലെ. നഗരത്തിലെ വെള്ളത്തിനുപോലും അപരിചിതഗന്ധവും സ്വാദുമായിരുന്നു. ശുദ്ധീകരണത്തിനുപയോഗിക്കുന്ന ക്ലോറിന്റെയാണെന്ന് അറിഞ്ഞപ്പോൾ തന്റെ നാവറിഞ്ഞ രാസവസ്തുക്കളുടെ ബാഹുല്യമോർത്ത് ഉള്ളൊന്നു നടുങ്ങി.

കാട്ടിലെ ചോലയുടെ തണുപ്പും പരിശുദ്ധിയും മാധുര്യവും പതിയെ ഓർമ്മമണ്ഡലം വിട്ടകലാൻ തുടങ്ങുകയായിരുന്നു. എന്നാൽ, താനിടയ്ക്കിടെ ചോലയുടെ തണുപ്പ് അയവിറക്കിക്കൊണ്ടിരുന്നു.

നല്ലൊരു കോളേജിൽ പ്രവേശനം ലഭിച്ചു എന്നതു മാത്രമായിരുന്നു ആകെയുള്ള ആശ്വാസം. എന്നാൽ, ജാതിയുടെ അതിർവരമ്പുകളിനിയും മാഞ്ഞിട്ടില്ലെന്ന ഖേദകരമായ അറിവു മാത്രമാണ് തനിക്കവിടെനിന്നും ലഭിച്ചത്. പുറമേ ചിരിക്കുമെങ്കിലും ആ ചിരിയുടെ ഉള്ളിന്തൊലി പൊളിച്ചുനോക്കിയാലറിയാമായിരുന്നു, ഉള്ളിലെ വിങ്ങുന്ന ~~വേദന~~ നോവ്. ~~പതിക്ക~~ കാടിന്റെ ശബ്ദമാകാനെത്തിയ ഞാൻ എന്നത്തേക്കാളുമേറെ നിശ്ശബ്ദനാകുകയായിരുന്നു. ~~ആകെ~~ ~~വന്നെത്തി~~ നഗരവും നാഗരികരും കാടിന്റെ സന്തതിയുടെ സ്വരവും കട്ടെടുക്കുകയായിരുന്നു. പണ്ടെ~~ക്കോ~~ന്നോ സന്തോഷവും കട്ടെടുത്തതുപോലെ.

ആകാശത്തിന്റെ വിസ്തൃതിയറിയാനായെങ്കിലും തനിക്ക് നിർവികാരതയായിരുന്നു. നഗരത്തിൽ അതൊരു പഴുത്ത നീലപ്പായ മാത്രമാണ്. സൂര്യന്റെ തീക്ഷ്ണരശ്മികളേറ്റ് പൊള്ളിക്കിടക്കുന്ന ഒരു നീലമരുഭൂമി. അതിൽ മുകളിലിരുന്നു നമ്മെക്കാണുന്ന പൂർവ്വികരുടെ വാത്സല്യമുണ്ടായിരുന്നില്ല.

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഹോസ്റ്റലിൽ നേരിട്ട വിവേചനം ചെറുതല്ല. "കാടൻ വരുന്നു"വെന്ന് വിളിച്ചുകൂവിയവരോട്, "അതെ! ഞാൻ കാടിന്റെ മകൻ തന്നെയാണ്" എന്നു വിളിച്ചുപറയാനുള്ള ചങ്കൂറ്റം തനിക്കൊരിക്കലും ഉണ്ടായതേയില്ല. താണജാതിക്കാർ വളരുന്നതോടൊപ്പം ഒരുപിടി അപകർഷതാബോധവും വളരുന്നുവെന്ന സത്യം താൻ തിരിച്ചറിഞ്ഞതവിടെവച്ചാണ്. പരീക്ഷയിൽ നല്ല മാർക്കുനേടിയാൽ "ആദിവാസി കോപ്പിയടിച്ചിട്ടാണെ"ന്ന ശബ്ദം കുറച്ചും കൂട്ടിയും പറയുന്നവരോടും, ലഭിക്കുന്ന അവകാശങ്ങളെ ഔദാര്യങ്ങളായി കണ്ട് "ഗവൺമെന്റിന്റെ പിച്ചയും വാങ്ങി പഠിക്കാൻ വരുന്നവൻ" എന്ന് താൻ കേൾക്കെയും കേൾക്കാതെയും പറയുന്നവരോടുമുള്ള അവജ്ഞ ഒരു കഫക്കട്ടയായി തുപ്പിക്കളയുവാനേ തനിക്കാകുമായിരുന്നുള്ളൂ. പ്രത്യേക പരിഗണന നൽകുന്ന ഗവൺമെന്ററിയുന്നില്ലല്ലോ, ജനവിഭാഗത്തിൽ മുക്കാൽപങ്കിന്റേയും ഉള്ളിലുള്ള ദുഷിപ്പ്.

എല്ലാം സഹിക്കാമായിരുന്നു. ക്ലാസ്സിലെ ഒരു സഹപാഠിയുടെ അയ്യായിരം രൂപ മോഷണം പോയപ്പോൾ എല്ലാ സംശയദൃഷ്ടികളും ചൂണ്ടുവിരലുകളും തനിക്കുനേരെ നീണ്ടത് സഹിക്കാനായില്ല. താൻ ദരിദ്രനാണ്, തൊലി കറുത്തിട്ടാണ്, ആദിവാസിയാണ്. എന്നാൽ താനൊരിക്കലും ഒരു കള്ളനല്ലായിരുന്നു.

നഗരത്തിന്റെ പൊടിയും ദുഷിപ്പും മടുത്ത് താൻ മടങ്ങിയതായിരുന്നു, കാട്ടിലേക്ക്. "കണ്ണാ... ചോറുണ്ണ്!" എന്ന് നിർബന്ധിക്കുന്ന രുക്കുമുത്തിയുടെ അടുത്തേക്ക്. ചോലയുടെ തണുപ്പിലേക്ക്. തന്നെ സ്വപ്നം കാണാൻ പഠിപ്പിച്ച ആകാശത്തുണ്ടിന്റെ നീലിമയിലേക്ക്; മൂപ്പന്റെ വാത്സല്യത്തിലേക്ക്...

എന്നാൽ, അപ്പോഴേക്കും എന്റെ കാടി കാടെന്ന വർണ്ണചിത്രത്തെ ആരോ വലിച്ചുകീറിയിരുന്നു. "നമ്മടെ കാട്ടിലവര് തടി ഫാക്ടറി പണിയണ്, കണ്ണാ" യെന്ന് വിളിച്ചുകരഞ്ഞ് മൂപ്പനോടിയെത്തുമ്പോൾ താനും ഒരബോധാവസ്ഥയിലേക്ക് വീണുപോവുകയായിരുന്നു. ചുറ്റിനും ഇടിച്ചുനിരത്തിയ കുടികളും പുകയും യന്ത്രവണ്ടികളും നിർവികാരത മാത്രം തുളുമ്പുന്ന നാഗരികരും: "ഇനിയും ശബ്ദിച്ചില്ലെങ്കിൽ തന്റെ വാസസ്ഥലവും നഷ്ടപ്പെടുമെന്ന തിരിച്ചറിവ് എന്നിൽ പുകയാൻ തുടങ്ങി. "എന്ത് തോന്ന്യാസായിത്!" എന്ന് ചോദിക്കാൻ ചെന്നതും "ഇടപെടാൻ വന്നിരിക്കുന്നു, കാട്ടാളത്തെണ്ടികള്!" എന്നൊരാൾ പുലമ്പിയതും പിടിച്ചുന്തിയതും മാത്രം ഓർമ്മയുണ്ട്.

ഉരുണ്ടുവീണപ്പോൾ കണ്ടു, ഇലപ്പരപ്പില്ല, പകരം ആകാശം വറ്റിവരണ്ട ഒരു പുഴപോലെ നിർജ്ജീവമായിരിക്കുന്നു.

അതിന് പഴയ നീലിമയോ, കണ്ണഞ്ചിക്കുന്ന പ്രകാശമോയില്ല. പൊടിപടലങ്ങളും കരിയും പുകയും കണ്ണു നീറ്റുന്നതു പോലെ. ഞങ്ങളുടെ എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു- കാടും, വീടുകളും, സ്വപ്നങ്ങളും, വിഹായസ്സുകളും. ഇനിയവർക്ക കൊണ്ടുപോകാൻ ~~ബാക്കിയായി~~ അവശേഷിക്കുന്നത്. നിലനിൽപിനു വകയില്ലാത്ത കുറേ മെലിഞ്ഞ ശരീരങ്ങളും, അവയിൽ തളയ്ക്കപ്പെട്ട ആത്മാവുകളും മാത്രം. യാതൊരു മൂല്യവുമില്ലാത്തവ.

കാടിന്റെ ബാക്കിപത്രമായ മൺതരികളോട് ചേർന്നുകിടക്കു- മ്പോൾ, ആകാശം കൂടുതലിരുളുന്നതുകണ്ടു. ആകാശം അതിന്റെ വേദന ഒരു മഴയായി താഴേക്കൊഴുക്കുകയായിരുന്നു. ആ ജലകണികകൾ മുഖത്തു സ്പർശിച്ചപ്പോൾ, എന്തോ, എനിക്ക് ~~പ്പോൾ~~ പൊള്ളുന്നുണ്ടായിരുന്നു...

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).